## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.417 04.02.2014 - ൽ മറുപടിക്ക്

## കെ.എസ്.ടി.പി. രണ്ടാംഘട്ട പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.എ.എം.ആരിഫ് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |

(എ) ഏതെല്ലാം പാതകളാണ് കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(എ) 363 കി.മീ. ദൈർഘ്യമുള്ള താഴെപ്പറയുന്ന 6 റോഡുകളാണ് ലോകബാങ്ക് ധന സഹായത്തോടെ നടപ്പിലാക്കുന്ന കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്:-

1. കാസറഗോഡ് – കാഞ്ഞങ്ങാട് - 27.76 കി.മീ.
2. പിലാത്തറ – പാപ്പിനിശ്ശേരി - 20.90 കി.മീ.
3. തലശ്ശേരി – വളവുപാറ - 53.12 കി.മീ.
4. ചെങ്ങന്നൂർ- -മൂവാറ്റുപുഴ എം.സി.റോഡ് (തിരുവല്ല ബൈപ്പാസ് റോഡ് ഉൾപ്പെടെ) - 87.90 കി.മീ.
5. പുനലൂർ-പൊൻകുന്നം-തൊടുപുഴ - 132.22 കി.മീ.
6. പെരുമ്പിലാവ് - -പെരിന്തൽമണ്ണ - 41 .00 കി.മീ.

(ബി) രണ്ടാംഘട്ട പ്രവർത്തനം ആരംഭിക്കുന്നതിൽ കാലതാമസം നേരിടുകയുണ്ടായോ;

(ബി) കെ.എസ്.ടി.പി. രണ്ട് ഘട്ടങ്ങളിലായി നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാനാണ് ലോകബാങ്കുമായി കരാർ ഏർപ്പെട്ടിരുന്നത്. കെ.എസ്.ടി.പി.

| | | | |
|---|---|---|---|
| | എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ; | | ഒന്നാം ഘട്ടത്തിലെ റോഡുകൾക്ക് ഭൂമി ലഭ്യമാക്കുവാൻ കാലതാമസം വന്നതിനാലും കരാറുകാരുടെ ഭാഗത്തു നിന്നുള്ള വീഴ്ച വന്നതിനാലും 2011 ഫെബ്രുവരി മാസത്തോടെ മാത്രമേ ഒന്നാം ഘട്ടം പൂർത്തിയാക്കുവാൻ കഴിഞ്ഞുള്ളൂ. അതിനാൽ ലോക ബാങ്കും സംസ്ഥാന സർക്കാരും കൂടി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 363 കി.മീ. ദൈർഘ്യമുള്ള 6 റോഡുകളുടെ നിർമ്മാണം ഉൾപ്പെട്ട രണ്ടാംഘട്ടം ഒരു പ്രത്യേക പദ്ധതിയായി നടപ്പിലാക്കുവാൻ തീരുമാനിച്ചു. അതിനെത്തുടർന്ന് ലോകബാങ്കിന്റെ ധനസഹായത്തോടു കൂടി രണ്ടാംഘട്ട പദ്ധതിയ്ക്ക് അംഗീകാരം നൽകുകയുണ്ടായി. |
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ ഫണ്ടിംഗ് ഏജൻസിയായ ലോകബാങ്കുമായി എന്തെങ്കിലും തർക്കം നിലനിന്നിരുന്നുവോ; വിശദമാക്കുമോ; | (സി) | കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട ചെങ്ങന്നൂർ - ഏറ്റുമാനൂർ, ഏറ്റുമാനൂർ - മൂവാറ്റുപുഴ റീച്ചുകളുടെ കരാർ M/s.NAPC എന്ന കമ്പനിക്ക് നൽകുന്നതിനായി 08.07.2013, 07.10.2013 -എന്നീ തീയതികളിൽ കൂടിയ കെ.എസ്.ടി.പി. യുടെ സ്റ്റീയറിംഗ് കമ്മിറ്റി തീരുമാനിക്കുകയുണ്ടായി. എന്നാൽ ഈ രണ്ടു കരാറും കൂടി M/s.NAPC എന്ന കമ്പനിക്ക് നൽകുന്നതിന് അർഹതയില്ലെന്ന കാരണത്താൽ ലോകബാങ്ക് നിരാക്ഷേപ സാക്ഷ്യ പത്രം (NOC) നൽകാൻ വിസമ്മതിച്ചു. ഇതിനെത്തുടർന്ന് 29.11.2013 -ൽ |

ചേർന്ന കെ.എസ്.ടി.പി.യുടെ സ്റ്റീയറിംഗ് കമ്മിറ്റി ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡിന്റെ കരാർ M/s.SACYR-ESSAR CONSORTIUM എന്ന കമ്പനിക്ക് നൽകുവാനും ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡിന്റെ കരാർ M/s.NAPC എന്ന കമ്പനിക്ക് നൽകുവാനും തീരുമാനിച്ചു. ഇതിനെ തുടർന്ന് മേൽ രണ്ടു കമ്പനിക്കും കരാർ ഉറപ്പിച്ച് എഗ്രിമെന്റ് വെയ്ക്കുന്നതിനു വേണ്ടി ഉത്തരവ് നൽകി. എന്നാൽ നിശ്ചിത സമയത്തിന് മുൻപ് M/s.NAPC എന്ന കമ്പനി മാത്രമേ എഗ്രിമെന്റ് വച്ച് റോഡ് നിർമ്മാണം ആരംഭിച്ചുള്ളൂ. നിശ്ചിത സമയത്തിനു മുൻപ് M/s.SACYR-ESSAR CONSORTIUM ബാങ്ക് ഗ്യാരന്റി നൽകി എഗ്രിമെന്റ് വയ്ക്കാത്തതിനാൽ 15.01.2014 -ൽ ഈ കമ്പനിയുടെ Bid Security സർക്കാരിലേയ്ക്ക് കണ്ടുകെട്ടുകയുണ്ടായി. അതിനുശേഷം 20.01.2014 – ൽ കൂടിയ കെ.എസ്.ടി.പി.യുടെ സ്റ്റീയറിംഗ് കമ്മിറ്റി ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡിന്റെ അടുത്ത കരാറുകാരായ M/s.DELMA – SREEDHANYA JV എന്ന കമ്പനിക്ക് നൽകുവാൻ തീരുമാനിച്ചു. ഈ നിർദ്ദേശം ലോകബാങ്കിന്റെ NOC യ്ക്കുവേണ്ടി നൽകിയിരിക്കുകയാണ്.

| | | | |
|---|---|---|---|
| (ഡി) | എം.സി.റോഡിന്റെ ഏതൊക്കെ മേഖലകളാണ് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇത് എത്ര റീച്ചുകളായാണ് കരാർ നൽകുന്നത്; | (ഡി) & (ഇ) | എം.സി. റോഡ് ചെങ്ങന്നൂർ - ഏറ്റുമാനൂർ, ഏറ്റുമാനൂർ- മൂവാറ്റുപുഴ തിരുവല്ല ബൈപ്പാസ് എന്നീ മൂന്ന് പ്രവൃത്തികളായാണ് ദർഘാസ് ക്ഷണിച്ചത്. ഇതിൽ 42 കി.മീ. ദൈർഘ്യമുള്ള ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡിന്റെ നിർമ്മാണ കരാർ 171.49 കോടി രൂപയ്ക്ക് M/s.NAPC Chennai എന്ന കമ്പനിക്ക് നൽകിക്കഴിഞ്ഞു. 2.30 കി.മീ. ദൈർഘ്യമുള്ള തിരുവല്ല ബൈപ്പാസിന്റെ കരാർ 31.80 കോടി രൂപയ്ക്ക് M/s.EKK & Co. എന്ന കമ്പനിയ്ക്ക് നൽകി കഴിഞ്ഞു. 43.65 കി.മീ. ദൈർഘ്യമുള്ള ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡിന്റെ കരാർ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | ഈ പ്രവൃത്തിയുടെ കരാർ ഏത് കമ്പനിക്കാണ് നൽകിയിട്ടുള്ളത്; ഇതിൽ എന്തെങ്കിലും തർക്കമോ വിവാദമോ ഉണ്ടായിരുന്നോ; കാരണം വിശദമാക്കുമോ; | | |
| (എഫ്) | കെ.എസ്.ടി.പി. രണ്ടാം ഘട്ട പ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്? | (എഫ്) | ലോകബാങ്കുമായുള്ള കരാർ പ്രകാരം 2018 സെപ്റ്റംബറിൽ കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതി പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ